# DIGITAL MAGAZINE

# PRESENTED BY:

# '' LITTLE KITES ''

# OF

# M T H S KURIYANNUR




# 2019-2020

# ഉള്ളടക്കം

**ആമുഖം**

**ഹെഡ്മിസ്ട്രസിൽ നിന്നും**

***പ്രവേശനോത്സവം***

**തിരഞ്ഞെടുപ്പ്**

**ദിനാചരണങ്ങൾ**

**കുട്ടികളുടെ സൃഷ്ടികൾ**

**സ്പോർട്സ്**

**ലഹരി - കൗൺസിലിങ് ക്ളാസ്സുകൾ**

**പാഠം ഒന്ന്**

**അമ്മ**

**ഔഷധത്തോട്ടം**

**ശാസ്ത്രരംഗം**

**തണൽ**

**മഴക്കുഴി**

**ലാബുകൾ**

**എക്സിബിഷൻ**

**ലിറ്റിൽ കൈറ്റ്സ്**

## *Retiring staff*

***ശതാബ്ദി***

***കലോത്സവം***

***റിപ്പോർട്ട്***

# ആമുഖം




**മാർത്തോമാ ഹൈസ്കൂൾ കുറിയന്നൂരിന്റെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞതിൽ ഉള്ള സന്തോഷം അറിയിക്കുന്നു. ഇതിന് പിന്തുണ നൽകിയ ഹെഡ്മിസ്ട്രസ് , അധ്യാപക-അനധ്യാപകർ , കുട്ടികൾ ഏവർക്കും നന്ദി അറിയിച്ചുകൊണ്ട് ഡിജിറ്റൽ മാഗസിൻ സമർപ്പിക്കുന്നു.**

**സ്നേഹത്തോടെ**

***ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ***

**ഹെഡ്മിസ്ട്രസിൽ നിന്നും . . . .**

**കുറിയന്നൂർ മാർത്തോമ്മാ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നതിൽ സന്തോഷമുണ്ട്. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. തുടർന്നും ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിയട്ടെ എന്ന ആശംസകളോടെ**

**ഹെഡ്മിസ്ട്രസ്**



***ലീന എം ഉമ്മൻ***

# പ്രവേശനോത്സവം






മാർത്തോമ്മ ഹൈസ്കൂൾ കുറിയന്നൂരിലെ 2019-20 ലെ സ്കൂൾ പ്രവോശനത്സവം 2019 ജൂൺ 6 തീയതി രാവിലെ 10:00 മണിക്ക് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു .സ്കൂൾ മനോജർ റവ: ഡോ. ഐപ്പ് ജോസഫ് അച്ചന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ തോട്ടപ്പുഴശേരി ഗ്രാമപഞ്ചായത്ത്പ്രസിഡന്റ് ശ്രീമതി എൽസി ക്രിസ്റ്റഫർ ,പി.റ്റി.എ. പ്രസിഡന്റ് ശ്രീ ബിജു ജെ ജോർജ്ജ് റവ: സി.ജി തോമസ് , റവ: റോയി തോമസ് എന്നിവർ വിശിഷ്ട അതിഥികൾ ആയിരുന്നു. നവാഗതരായ കുട്ടികൾക്ക് സ്വായം പരിചയപ്പെടുത്താനുള്ള അവസരം നൽകി അവരെ സ്വാഗതം ചെയ്തു , കുട്ടികൾക്ക് മധുരവും നൽകി . ദേശീയ ഗാനത്തോടെ മീറ്റിംങ് അവസാനിച്ചു

# സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്








# ദിനാചരണങ്ങൾ - അസംബ്ലികൾ












# കുട്ടികളുടെ സൃഷ്ടികൾ









# SPORTS








# ലഹരി വിരുദ്ധ ക്ളാസ്സുകൾ
















# കൗൺസിലിങ്ങ് ക്ളാസ്സുകൾ








# പാഠം ഒന്ന് - എല്ലാവരും പാടത്തേക്ക്
















# അമ്മ

എനിക്കൊരു അമ്മയുണ്ട്

എന്നെ കരുതുന്ന അമ്മ

എന്നെ പരിപാലിക്കുന്ന അമ്മ

മാലാഖ ആണെന്റെ അമ്മ

അറിവിന്റെയും അനുഭവങ്ങളുടെയും

പ്രതീകമാണ് അമ്മ

അമ്മയിൽ നിന്നും ഉപദേശങ്ങളിൽ നിന്നും

നമുക്കതൊരു പാഠമാകമണം

ഞാൻ ജനിച്ചു വീണപ്പോൾ

അമ്മയുടെ മനസ്സിൽ സന്തോഷം

കൂടെ നടക്കുന്ന സുഹൃത്താണ്

എന്റെ സ്വന്തം അമ്മ

പ്രതിഭ മേരി ബാബു VII B

# ഔഷധത്തോട്ടം












Vernonia cineria
Curcuma longa
കല്ലുരുക്കി
Scoparia dulus
Aristolochia indica
Aleo vera

# ശാസ്ത്രരംഗം













# തണൽ

ജീവിതമാം വേദിയിൽ

അമ്മയായി തണൽ

പ്രതിസന്ധിയിൽ തളരാതെ

കരുതിയ തണൽ

നടയാത്രകളിൽ തളർന്നിടുമ്പോൾ

തണലേകുന്ന മരങ്ങൾ

തളർന്നിടും വേളകളിൽ

തണലേകിന്ന തൈമരങ്ങൾ

ഹൃദയം നുറുങ്ങിയ വേദനയിലും

തണലായെത്തീടും അമ്മയാകും തണൽ

കനിവായ്,കരുതലായ്,സ്നേഹമായ്

വന്നു തണൽ

നൂജ റേച്ചൽ ജോസ്      **X B**

# മഴക്കുഴി നിർമ്മാണം








# ഗണിത ലാബ്- ഉദ്ഘാടനം









# സയൻസ് ലാബ് - ഉദ്ഘാടനം












# ശാസ്ത്രരംഗം - എക്സിബിഷൻ





























# LITTLE KITES













# LITTLE KITES – മാതൃപരിശീലനം













# ***OUR RETIRING STAFF***



***LEENA M OOMMEN***

***HEADMISTRESS***



ELIZABETH ALEX
TEACHER



GRACY MATHEW
TEACHER

# ശതാബ്ദി ആഘോഷ ഉദ്ഘാടനം
















# സ്കൂൾ കലോത്സവം


















യുഗപ്രഭാവനായ മാളിയേക്കൽ എം സി ജോർജ് കശീശായുടെ ദീർഘ വീക്ഷണം പ്രകാശം പരത്തിയ കുറിയന്നൂർ ഗ്രാമത്തിലെ അറിവിന്റെ പ്രകാശ ഗോപുരം കുറിയന്നൂർ മാർത്തോമ്മാ ഹൈ സ്കൂൾ ദീപ്തമായ 99 സംവത്സരങ്ങൾ പിന്നിടുമ്പോൾ നാം ഇന്ന് 99-ാം വാർഷികം ആഘോഷിക്കുന്നു.

2019-20

അഞ്ചാം ക്ലാസ്സ മുതൽ 10-ാം ക്ലാസ്സ വരെ ആകെ 201 വിദ്യാർത്ഥികളും 12 അധ്യാപകരും നാല് ഓഫീസ് ജീവനക്കാരും ഒരു പ്രഥമാധ്യാപികയും ഇവിടെ വിദ്യ അഭ്യാസവും ,വിദ്യാദാനവുമായി കർമരംഗം സജീവമാക്കുന്നു.

അധ്യാപക രക്ഷാകർതൃ സമിതി

02/07/2019 അധ്യാപക രക്ഷാകർതൃ സമിതി പൊതുയോഗം മുൻ പ്രസിഡന്റ് ശ്രീ ബിജു ജെ ജോർജ്ജിന്റെ അധ്യക്ഷതയിൽ ചേർന്നു. മികവിന്റെ കേന്ദ്രമാക്കി സ്കൂളിനെ മാറ്റുന്നതിന് സമീപനരീതിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ആലോചിച്ചു.. പുതിയ വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ് ശ്രീ ബിജു ജെ ജോർജ്ജ് , വൈസ് പ്രസിഡന്റ് ശ്രീ മാത്യു ജോജി ഏബ്രഹാം , മാതൃ സം ഘം പ്രസിഡന്റ് ശ്രീമതി ബീന ജോയി എന്നിവരെയും 15 കമ്മറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തു.ഈ വർഷം ഏഴ്എക്സിക്യൂട്ടീവ് മീറ്റിംഗുകളും,2 പൊതുയോഗവും,ക്ളാസ്സ് പി റ്റി എ കളും നടന്നിട്ടുണ്ട്.

എസ് എസ് എൽ സി

2018-19 ൽ എസ് എസ് എൽ സി പരീക്ഷയിൽ രജിസ്റ്റർ ചെയ്ത 51 കുട്ടികളിൽ 50 പേർ ഉപരിപഠനത്തിന് അർഹത നേടി എന്നത് അഭിമാനകരമാണ്.എല്ലാ കുട്ടികളോടുമുള്ള സ്നേഹം അറിയിക്കുന്നു.ജൂൺ 10 ന് ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീ ജോർജ്ജ് മാമ്മൻ കൊണ്ടൂർ A+ നേടിയ കുട്ടികളേയും സ്കൂളിനേയും ആദരിച്ചു( പ്രതിഭാസംഗമം)

സ്റ്റാഫ് കൗൺസിൽ

പഠന പാഠ്യേതര വിഷയങ്ങളുടെ നിർവ്വഹണം സ്റ്റാഫ് കൗൺസിലിന്റെ ഒത്താശയോടെ സമയബന്ധിതമായി നടപ്പിലാക്കുന്നു.സ്റ്റാഫ് സെക്രട്ടറിയായി ശ്രീ ബാബു കെ ബി പ്രവർത്തിക്കുന്നു.മാസത്തിൽ രണ്ടു തവണ വീതം സ്റ്റാഫ് കൗൺസിൽ കൂടുന്നുമുണ്ട്.

എസ് ആർജി

ക്ലാസ് മുറിയിൽ രൂപപ്പെടേണ്ട അറിവു നിർമ്മാണ പ്രക്രിയയുടെ തയ്യാറെടുപ്പുകൾ സമയബന്ധിതമായി ചേരുന്ന എസ് ആർജി യോഗത്തിൽ ചർച്ചചെയ്യപ്പെടുന്നു ശ്രീമതി ജോബിന ആനി തോമസ് കൺവീനറായി പ്രവർത്തിച്ചു. ഇപ്പോൾ ശ്രീമതി റാണി ജെ കൺവീനറായി പ്രവർത്തിക്കുന്നു.മാസത്തിൽ രണ്ടു തവണ വീതം എസ് ആർ ജി കൂടുന്നുമുണ്ട്.

സ്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റി

കുട്ടികൾക്കാവശ്യമുള്ള പാഠപുസ്തകങ്ങൾ സി എസ് നമ്പർ എ 34 m t h s kuriannoor സ്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റി വഴി വിതരണം ചെയ്യുന്നു.ഈ വർഷം മൂന്നു വോളിയം ബുക്ക്സും കൃത്യസമയത്തുതന്നെ എത്തുകയും കൃത്യമായി തന്നെ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.ശ്രീ തോമസ് ജോസഫ് സൊസൈറ്റിയുടെ ചുമതല വഹിക്കുന്നു.

സ്കൂൾ ബസ്

വിദൂരങ്ങളിൽ നിന്നെത്തുന്ന കുട്ടികൾക്ക് യാത്രാ സൗകര്യത്തിനായി ഏർപ്പെടുത്തിയിരിക്കുന്ന സ്കൂൾ ബസിന്റെ ചുമതല ശ്രീമതി മെറീന മാത്യുവിന്റെ മേൽനോട്ടത്തിൽ ഭംഗിയായി നടന്നുവരുന്നു..ശ്രീ മോഹൻകുമാർ ബസ് ഡ്രൈവറായും ......................... സഹായിയായും പ്രവർത്തിക്കുന്നു.

സ്റ്റുഡന്റ്സ് കൗൺസിൽ

തികച്ചും ജനാധിപത്യ രീതിയിൽ 25/09/2019 ന് തിരഞ്ഞെടുക്കപ്പെട്ട ക്ലാസ്സ് ലീഡർ മാരുടെ സമിതി സ്കൂൾ ലീഡറെയും സ്പീക്കറേയും തിരഞ്ഞെടുത്തു. മാസ്റ്റർ മിഥുൻ സന്തോഷ് 10 B സ്കൂൾ ലീഡറായും ,മാസ്റ്റർ സഞ്ജയ് ജോൺസൺ 10 A

സ്പീക്കറായുംപ്രവർത്തിക്കുന്നു.

സ്കൂൾ മാനേജിംഗ് ബോർഡ്

റവ ഡോ ഐപ്പ് ജോസഫ് മാനേജരായി കുറിയന്നൂരിലെ രണ്ട് ഇടവകകളിൽ നിന്നുള്ള 14 അംഗ മാനേജിംഗ് ബോർഡ് പ്രവർത്തിക്കുന്നു. സ്കൂളിന്റെ അറ്റകുറ്റപ്പണികൾ ,നിയമനങ്ങൾ, ഡിപ്പാർട്ടുമെന്റ് നിർദ്ദേശിക്കുന്ന മറ്റു പ്രവർത്തികളുടെ നിർവ്വഹണം ഇത്യാദി കാര്യങ്ങളിൽ ബഹു മാനേജരുടെയും ബോർഡിന്റെയും സേവനങ്ങൾ കാലാകാലങ്ങളിൽ ലഭിക്കുന്നു.ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം 2020 ജനുവരി 9 വ്യാഴാഴ്ച 10 am ന് കേരളത്തിന്റെ ബഹുമാന്യനായ വിദ്യാഭ്യാസവകുപ്പ മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് നിർവഹിച്ചു. പ്രസ്തുതമീറ്റിംഗിന്റെ അധ്യക്ഷപദം അലങ്കരിച്ചത് ആറന്മുള എം എൽ എ ശ്രീമതി വീണാ ജോർജ്ജ് . അലക്സാണ്ടർ മാർത്തോമ്മാ വലിയമെത്രാപ്പോലീത്താ മെമ്മോറിയൽ കെട്ടിടനിർമ്മാണ ഉദ്ഘാടനകർമ്മം 16/09/19 ന് റവ CJ Thomas അച്ചനും റവ Roy Thomas അച്ചനും ചേർന്നു നടത്തി.

പഠനാനുബന്ധ പ്രവർത്തനങ്ങൾ

.ജൂൺ 6 ന് പ്രവേശനോത്സവും ,വിവിധ ക്ളബ്ബുകളുടെ ഉദ്ഘാടനവും നടന്നു.വിഷയബന്ധിത ക്ളബ്ബുകൾ-8,വിഷയേതര ക്ളബ്ബുകൾ-10..

ജൂൺ 24 ന് ലഹരിവിരുദ്ധ ദിനം ആചരിച്ചു . TVLA excice office ൽ നിന്നുള്ള സേവനവും ലഭിക്കുന്നുണ്ട്.ഈ വർഷം ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിന്റെ ദൂഷ്യവശങ്ങൾ, അത് ഒഴിവാക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകൾ, എങ്ങനെ സഹായം തേടാം, എന്നിവയെക്കുറിച്ചെല്ലാം ജൂൺ24 , ആഗസ്റ്റ് 20,, നവംബർ 28, ജനുവരി 3 എന്നീ തീയതികളിലായി ബോധവൽക്കരണ ക്ളാസുകൾ നടന്നു. Excice വകുപ്പിനോടുള്ള നന്ദി അറിയിക്കുന്നു.പോലീസ് വകുപ്പിൽ നിന്നും സ്കൂളിൽ വന്ന് റോഡ് സുരക്ഷ കാളാസ്സെടുത്തു, പെൺകുട്ടികൾക്കും മാതാക്കൾക്കുമായി സെൽഫ് ഡിഫൻസ് പരിശീലനം നവംബർ 15 ന് നൽകി പോലീസ് വകുപ്പിനോടുമുള്ള നന്ദി അറിയിക്കുന്നു.. നവംബർ 25 ന് ജിവിതശൈലീരോഗവും പോഷകാഹാരവും സംബന്ധിച്ച് രക്ഷിതാക്കൾക്ക് PHC Thottappuzhasseri ക്ളാസ്സെടുത്തു.മൂന്നു തവണയായി കാഞ്ഞീറ്റുകര ഹെൽത്ത് ഇൻസ്പെക്ടർ ഹെൽത്ത് അവയർനസ് ക്ളാസ് നടത്തി.Medical camp, counselling classes October, December മാസങ്ങളിലായി കുട്ടികൾക്കും ,രക്ഷിതാക്കൾക്കുമായി സംഘടിപ്പിച്ചു.പരിമിതികൾ മറികടക്കുന്നതിന് വ്യക്തിഗത പിന്തുണ **SATHI KA SNDPHSS CHENNEERKARA RP ആയി സേവനം അനുഷ്ഠിക്കുന്നു.കാഴ്ച** പരിശോധന നടത്തി-പരിമിതികൾ മറികടക്കുന്നതിനുള്ള ഉപകരണങ്ങൾ വിതരണം നടത്തി . .പരിമിതികൾ മറികടക്കുന്നതിനുള്ളമറ്റ് ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നു.നിർബന്ധിത വിദ്യാഭ്യാസത്തിനുള്ള പിന്തുണകൾ.**5** മുതൽ **8** വരെ എല്ലാവർക്കും സൗജന്യ പാഠപുസ്തകം ,സൗജന്യ പോഷകാഹാരം,സൗജന്യ മരുന്ന് എന്നിവ വിതരണം ചെയ്യുന്നുണ്ട്.പഠനപരിമിതിയുള്ളവർക്ക് പ്രത്യേക ക്ളാസ്സ് നടത്തുന്നുണ്ട്

.NMMS Scholarship exam ന് 3 കുട്ടികൾ പങ്കെടുത്തിട്ടുണ്ട്. NuMats Exam ന് 2 കുട്ടികൾ പങ്കെടുത്തു. Aaron Joy George ന് സംസ്ഥാനതലത്തിലും പരീക്ഷയിൽ പങ്കെടുക്കാനുള്ള യോഗ്യത നേടി.USS scholarship നും 9 കുട്ടികൾ feb 29 ലെ പരീക്ഷയ്ക്കുവേണ്ടി തയ്യാറെടുപ്പ നടത്തുന്നു. കൈരളിവിജ്ഞാനപരീക്ഷയ്ക്ക് 52 കുട്ടികൾ പങ്കെടുത്തു.സുഗമ ഹിന്ദി പരീക്ഷയ്ക്ക് 103 കുട്ടികൾ എഴുതുന്നു.Talent Search Exam Mathematics up, HS രണ്ടിലും ഒന്നാം സ്ഥാനം നേടാൻ കഴിഞ്ഞു.

കർഷക ക്ലബ്ബ്

ജൂൺ 5 പരിസ്ഥിതിദിനം ആഘോഷിച്ചു.,കൃഷിവകുപ്പുമായി ബന്ധപ്പെട്ടു ലഭിച്ച മരം , വിത്തു , ലഘുലേഖനങ്ങൾ എന്നിവ വിതരണം ചെയ്തു.കൃഷി പാഠ്യപദ്ധതിയുടെ ഭാഗമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ കുട്ടികളേയും കൃഷിയിലേക്കാകർഷിക്കുന്നതിനായി കൃഷിവകുപ്പ് , വിദ്യാഭ്യാസവകുപ്പുമായി ചേർന്ന് നടത്തിയ "പാഠം 1 എല്ലാവരും പാടത്തേക്ക് "എന്ന പദ്ധതിയിലൂടെ സ്കൂളിലെ കുട്ടികൾക്ക് field trip നടത്തി നടീൽ ,വിത്തിടീൽ തുടങ്ങി പാടത്തിറങ്ങിയുള്ള പ്രവർത്തനം നടന്നു.

ഫോറസ്ട്രി ക്ലബ്ബ്

വനം വകുപ്പിന്റെ ചുമതലയിൽ ലഭിച്ച് വൃക്ഷത്തൈകൾ കുട്ടികൾക്കു വിതരണം ചെയ്തു.

**പോൾട്രി ക്ലബ്ബ്**

മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്രി ഡെവലപ്മെന്റ് ത്രൂ സ്കൂൾസ് 2019-20 പദ്ധതി പ്രകാരം (45-60 ദിവസം പ്രായമായ 5 കോഴിക്കുഞ്ഞുങ്ങളേയും 100 രൂപ വില വരുന്ന കോഴിത്തീറ്റയും) 50 കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ജെ ആർ സി

എ ബി സി എന്നീ മൂന്നു ലെവലുകളിലായി ... കുട്ടികൾ അംഗങ്ങളായ റെഡ് ക്രോസ്സ് യൂണിറ്റ് സജീവമായി പ്രവർത്തിക്കുന്നു. ശ്രീമതി സാറാമ്മ പി മാത്യു ജെ ആർ സി ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു.എ ലെവൽ പരീക്ഷയിൽ 11 കുട്ടികൾ .B level 16 കുട്ടികൾ,C level ൽ 9 കുട്ടികളും അംഗങ്ങളാണ്.JRC councilor മാർക്ക് ഏകദിനഫസ്റ്റ് എയ്ഡ്പരിശീലനപരിപാടി നടത്തി സ്കൂളിന് ഫസ്റ്റ് എയ്ഡ് ബോക്സും ലഭിച്ചു.

കംപ്യൂട്ടർ ലാബ്

ലാബ് പ്രവർത്തനങ്ങളിൽ എസ് ഐ റ്റി സി ആ യി ശ്രീമതി സാറാമ്മ പി മാത്യു വും ജോയിന്റ് എസ് ഐ റ്റി സി ആ യി Rani J യും PSITC ആയി Mariena Mathew വും പ്രവർത്തിക്കുന്നു.കുട്ടികളുടെ അറിവു വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവരാന്വേഷണത്തിന് FTTH( Fibre to the Home ) എന്ന വളരെ വേഗതയേറിയ internet connection ict scheme ൽ സ്കൂളിനു ലഭിച്ചു.അഞ്ചു സ്മാർട്ട് ക്ലാസ് മുറികൾ കുട്ടികളുടെ പഠനത്തിനുണ്ട് .പഠനസഹായത്തിനായി ഈ വർഷവും ലാപ്ടോപ്പുകൾ കൈറ്റിൽ നിന്നും ലഭിച്ചു.പ്രോഗ്രാമുകൾ വീഡിയോ ആക്കാനും ,പഠനസാമഗ്രികൾ തയ്യാറാക്കാനും മറ്റുമായി webcamera യും digital camera യും ഉപയോഗിക്കുന്നു.

ലിറ്റിൽ കൈറ്റ്

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പരിശീലനങ്ങൾ ആധ്യാപകർക്കും ,കുട്ടികൾക്കും നൽകി..kite mistress മാരായി jincy alice john & Rani J എന്നിവർ പ്രവർത്തിക്കുന്നു.ഓണാഘോ,ഷവുമായി ബന്ധപ്പെട്ട് ഡിജിറ്റൽ പൂക്കളമത്സരം നടന്നു.ലിറ്റിൽ കൈറ്റ് യൂണിറ്റിൽ 3rd batch ൽ 21 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.ഏകദിനക്യാമ്പ് സ്കൂൾ തലത്തിലും, സബ്ജില്ലാതലത്തിലും നടന്നിട്ടുണ്ട്.Regular classes ഉം നടക്കുന്നുണ്ട്.ഹൈറ്റെക് ഉപകരണങ്ങളുടെ പരിപാലനം lk കുട്ടികൾ ചെയ്തുവരുന്നു.

ലൈബ്രറി

ജൂൺ 20 ന് വായന വാരത്തോട് അനുബന്ധിച്ച് കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനുള്ള സന്ദേശം നൽകി.ലൈബ്രറി നവീകരണം ശ്രീ ബാബു കെ ബി യുടെ നേതൃത്വത്തിൽ നടക്കുന്നുപതിനായിരത്തിലധികം പുസ്തകങ്ങളടങ്ങിയ സ്കൂൾ ലൈബ്രറിയുടെ വിതരണ ചുമതല ശ്രീ ബാബു കെ ബി നിർവഹിക്കുന്നു.ലൈബ്രറിയുടെ വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.Public Library, Library for reference, Class Library എന്നിങ്ങനെ ലൈബ്രറി പ്രവർത്തിക്കുന്നു.സ്പെഷ്യൽഫീസ് അക്കൗണ്ടിൽ ചിലവാകാതെ അവശേഷിക്കുന്ന തുക ഉപയോഗിച്ച് പ

തുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള

നിർദ്ദേശമനുസരിച്ച് 30000 രൂപ ചിലവാക്കി എല്ലാ ക്ളാസുമുറികളിലും ഷെൽഫും 9000 രൂപയുടെ പുസ്തകവും ക്രമീകരിച്ചു.വായനാവസന്തം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ലിപി പബ്ളിക്കേഷൻസ് പ്രസിദ്ധീകരിച്ച പ്രമുഖ എഴുത്തുകാരുടെ പുസ്തകങ്ങൾ കേരളത്തിലെ സ്കൂൾ ലൈബ്രറിക്കുവേണ്ടി ഡി പി ഐ തെരഞ്ഞെടുത്തതിൽനിന്നും 7700 രൂപയുടെ 74 പുസ്തകങ്ങൾ നമ്മുടെ സ്കൂളിനും അനുവദിച്ചു കിട്ടിയിട്ടുണ്ട്.വായനാവസന്തമൊരുക്കി അലമാരയും അതുനിറയെ പുസ്തകങ്ങളുംനൽകി 1986 ബാച്ച് വിദ്യാർത്ഥികൾ അക്ഷരനിറവ്(450 പുസ്തകങ്ങൾ)സമ്മാനിച്ചു..സ്കൂൾ സന്ദർശിക്കുമ്പോഴെല്ലാം ഓരോ പുസ്തകം കൊണ്ടുവന്ന് തുടർന്നും അലമാര നിറയ്ക്കുന്ന പദ്ധതിക്കു 18/01/2020 ൽ കൂടിയ പൂർവ്വവിദ്യാർത്ഥി സംഘമം തുടക്കമിട്ടു.

<u>സയൻസ് ലാബ്</u> സയൻസ് അധ്യാപകരായ ശ്രീമതി ജോബീന ആനി തോമസ് ,എലിസബത്ത് അലക്സ്, മെറീന മാത്യു,ആനിരേണു ജോൺ എന്നിവരുടെ മേൽനോട്ടത്തിൽ കുട്ടികൾ ഉപയോഗിക്കുന്നു.സയൻസ്ലാബ് പുതുക്കിപ്പണിതു. ജാനുവരി 9 ന് ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീ ജോർജ്ജ് മാമ്മൻ കൊണ്ടൂർ ഉദ്ഘാടനം ചെയ്തു.UP, HS വിഭാഗങ്ങളിലെ വിവിധ ക്ളബ്ബ് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിരിക്കുന്ന ശാസ്ത്രരംഗം പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ ശാസ്ത്ര അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനായി ശാസ്ത്ര പ്രദർശനം ഒരുക്കി.

<u>സ്പോർട്സ് ഹോസ്റ്റൽ</u>

കേരളാ സ്പോർട്സ് കൗൺസിലിന്റെ ചുമതലയിൽ ബാസ്കറ്റ് ബോൾ ആൺ കുട്ടികളുടെ സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിക്കുന്നു. ശ്രീ രാജു ഏബ്രഹാം കോച്ചായി പ്രവർത്തിക്കുന്നു ശ്രീ തോമസ് മാത്യു ഹോസ്റ്റൽ കുക്കായും ,ശ്രീ ജേക്കബ് ഏബ്രഹാം വാർഡനായും പ്രവർത്തിക്കുന്നു.19 കുട്ടികൾ ഹോസ്റ്റലിൽ താമസിക്കുന്നു.

<u>നൂൺമീൽ</u>

സൗജന്യ ഉച്ചഭക്ഷണ പദ്ധതിയിൽ 124 കുട്ടികൾ ഉച്ചഭക്ഷണം കഴിക്കുന്നു.ശ്രീമതി രമണി സുരേഷ് ആഹാരം രുചികരമായി പാചകം ചെയ്തു നൽകുന്നു.

ഈ വർഷത്തെ കായികമേളയിലും,കലാമേളയിലും,ജില്ലാതലംവരെ മത്സരിക്കുവാൻ കുട്ടികൾക്കു സാധിച്ചു.

<u>കായികമേള</u>

.basket ball team boys & girls team sub ജില്ല, ജില്ലാ തല മത്സരങ്ങൾക്ക് വിജയിച്ച് zonal തല മത്സരം വരെ എത്തി..വോളി ബോൾ team boys sub ജില്ല, ജില്ലാ തല മത്സരം വരെ എത്തി.ഫുട്ബോൾ മത്സരത്തിന് Shinu S Kumar ജില്ലാതലമത്സരത്തിന് അർഹത കിട്ടി.സംസ്ഥാന തല മത്സരത്തിന് Thomson Saji ഈ സ്കൂളിൽനിന്നും selection നേടിയിരുന്നു.അത്ലറ്റിക്കിൽ 85 item ത്തിലായി 38 കുട്ടികൾ പങ്കെടുത്തു.

<u>കലാമേള</u>

കലോത്സവത്തിന് 50 കുട്ടികൾ പങ്കെടുത്ത് 22 സ്കൂളുകളിൽ 5 സ്ഥാനവും സംസ്കൃതോത്സവത്തിന് 2 സ്ഥാനവും നേടാൻ സാധിച്ചു.

മറ്റു മേളകൾ

ഗണിതമേളയ്ക്ക് 92 പോയിന്റ്സും, വർക്ക് എക്സ്പീരിയൻസിന് 51 പോയിന്റും , IT മേളയ്ക്ക് 8 പോയിന്റ്സ്റ്റും നേടി 3 സ്ഥാനം കരസ്ഥമാക്കി.

മറ്റ് അംഗീകാരങ്ങൾ

സംസ്കൃത സ്കോളർഷിപ്പ് ജില്ലാതലമത്സരത്തിൽ Alisha Merin Thomas രണ്ടാം സ്ഥാനം കരസ്ഥമാക്കി കാഷ് അവാർഡിന് അർഹയായി.അക്ഷരമുറ്റം ക്വിസ് മത്സരത്തിൽ ..............എന്നിവർ അർഹരായി.Malayala Manorama Mamman Mappila

Memorial merit scholarship- Meritorious performance in UP Classes -Std VIII ലെ നിതാ ഹരി അർഹയായി.

St Johns the Baptist'sEnglish school & junior college nedumkunnam സ്കൂളിൽ വെച്ച് നടന്ന All Kerala inter school basket ball tournament ൽ രണ്ടാം സ്ഥാനം ലഭിച്ചു.

വിനോദയാത്ര

പത്താം ക്ലാസിലെ 48 കുട്ടികളുമായി വണ്ടർലായിലേക്ക് ഏകദിന വിനോദയാത്ര നടത്തി .

ക്രിസ്തുമസ് ഗാനശുശ്രൂഷ

20/12/2019

സ്കൂൾ മാനേജർ റവ ഡോ ഐപ്പ് ജോസഫ് അച്ചന്റെ അധ്യക്ഷതയിൽ ചേർന്ന ഗാനശുശ്രൂഷ യിൽ Smt Lizzy Mathew മുഖ്യ സന്ദേശം നൽകി . Rev C J Thomas, Rev Roy Thomas എന്നിവരുടെ സാന്നിദ്ധ്യം ശുശ്രൂഷ അനുഗ്രഹമാക്കി.സ്കൂൾ ഗായകസംഘം , അധ്യാപകർ, എന്നിവർ ഗാനശുശ്രൂഷയിൽ പങ്കെടുത്തു. . .ക്രിസ്തുമസ് കേക്ക് എല്ലാവർക്കും വിതരണം ചെയ്തു . ബാബു കെബി യുടെ ചുമതലയിൽ ടാബ്ളോ, നാടകം അവതരിപ്പിച്ചു.

Dec 21 മുതൽ 27 വരെ Thadiyoor NSS HSS ലെ കുട്ടികളുടെ NSS camp ഈ സ്കൂളിൽ നടന്നു.IEDC കുട്ടികളുടെ സഹവാസക്യാമ്പ് ഡിസംബർ 20,21,22 തീയതികളിലായി പുല്ലാഡ് ബി ആർ സി യിൽ നടന്നു.

സാഹിത്യം,കല , ശാസ്ത്രം, കായികം തുടങ്ങി വിവിധങ്ങളായ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ,ജന്മസിദ്ധമായ കഴിവുകൾക്കൊപ്പം നിരന്തരപരിശ്രമങ്ങളിലൂടെ പ്രതിഭകളായവരെ അംഗീകരിക്കുകയും,ആദരിക്കുകയും ചെയ്യേണ്ടത് വിദ്യാർത്ഥിസമൂഹത്തിന്റെ ഉത്തരവാദിത്വമാണ്.അതിലൂടെ കുട്ടികൾക്ക് ഒരു പ്രചോദനവമാകും എന്ന കാഴ്ചപ്പാടോടെ വിദ്യാഭ്യാസവകുപ്പിന്റെ നിർദ്ദേശങ്ങൾക്കു വിധേയമായി സ്കൂളും Sri Varughese C Thomas ( സാഹിത്യം),Vinod ( കല) , Sri Joseph John( കായികം) എന്നിവരെ ആദരിച്ചു.

**നന്ദി.**

സ്കൂളിന്റെ വാർഷിക അറ്റകുറ്റപ്പണികൾ ,നിയമനങ്ങൾ, ഡിപ്പാർട്ടുമെന്റ് നിർദ്ദേശിക്കുന്ന മറ്റു പ്രവർത്തികളുടെ നിർവ്വഹണം ഇത്യാദി കാര്യങ്ങളിൽ ദത്തശ്രദ്ധപതിപ്പിക്കുന്ന മാനേജർ, മാനേജിംഗ് ബോർഡ്,ചടങ്ങുകളിലും മറ്റും വന്ന് സഹായിക്കുന്ന പഞ്ചായത്ത് പ്രതിനിധികൾ, തോട്ടപ്പുഴശേരി കൃഷി ഭവൻ ,കാഞ്ഞീറ്റുകര ഹെൽത്ത് സെന്റർ ,തോട്ടപ്പുഴശേരി പ്രൈമറി ഹെൽത്ത് സെന്റർ, മൃഗാശുപത്രിയിലെ ജീവനക്കാർ,പുല്ലാട് ബി ആർസി, അധ്യാപകർ , അനധ്യാപകർ,കുട്ടികളുടെ പഠന പാഠ്യേതര രംഗങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിന് പലവിധത്തിൽ സാമ്പത്തിക സഹായം നല്കിയിട്ടുള്ള സ്നേഹനിധികളായ കുറിയന്നൂർ അസോസിയേഷൻ അബുദാബി ,ജില്ലാ സ്പോർട്സ് കൗൺസിൽ,എൻഡോവ്മെന്റ് ദാതാക്കൾ,വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയ ഹായ് തിരുവല്ല ,Malayala Manorama ദിനപത്രം 10 കോപ്പികൾ കുട്ടികൾക്കുവേണ്ടി സ്പോൺസർ ചെയ്ത PRD ശ്രീ ഗോപാലകൃഷ്ണൻ അങ്ങനെ ചെറുതും വലുതുമായി കൈതാങ്ങൽ തന്നു സഹായിച്ച എല്ലാവരോടും ഹൃദയംഗമമായ നന്ദി പ്രകാശിപ്പിക്കുന്നു.

ഉപസംഹാരം

# LITTLE KITES
# OF
# M T H S KURIYANNUR

**1.APARNA LIZ MATHEW**
**2. AMRITHA KRISHNAN**
**3. ESHA S ABRAHAM**
**4. KRISHNAPRIYA C P**
**5. NANDANA ANIL**
**6. RINTU RIJO**
**7.SANDRA SANTHOSH**
**8. SETHULEKSHMI S NAIR**
**9. SHALU ANN JAYESH**
**10. SNEHA SUDHEESH**
**11. SOJINA ALEX**
**12. SUSAN RAJU**
**13. JASMINE ANNA JOHNSON**
**14. TESSY THANKACHEN**
**15. JOYAL JOHN**
**16. SHAN JOY**
**17.THOMSON SAJI**
**18. RONY SAJI**
**19. RINU  JOHN BABY**
**20. SREEKUTTAN T B**
**21. ARAVIND S**

**RANI J (KITE MISTRESS)**
***JINCY ALICE JOHN (KITE MISTRESS)***